502

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം 2015-'16

## മലയാളം

## കേരളപാഠാവലി

ക്ലാസ്സ് V

സമയം: 2 മണിക്കൂർ

നിർദ്ദേശങ്ങൾ:

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയം ആണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

പ്രവർത്തനം 1

'ആഭരണം' എന്ന കഥ പഠിച്ചുവല്ലോ. മറ്റൊരു കഥ വായിക്കാം.

അടുക്കളയിലെ അലമാരയിൽ ഒരു പാത്രത്തിലായിരുന്നു ഉപ്പ്. ഒരു ദിവസം പാതി രാത്രിയായപ്പോൾ ഉപ്പിന് നല്ല വിശപ്പുതോന്നി. മേശപ്പുറത്തോ മറ്റോ ചെന്നുനോക്കിയാൽ എന്തെങ്കിലും കിട്ടുമെന്ന് കരുതി മെല്ലെ പാത്രത്തിൽ നിന്ന് പുറത്തു കടന്നു. അടുത്തുതന്നെയുള്ള പ്ലാസ്റ്റിക് ഭരണിയിലെ മുളകു ചോദിച്ചു: "എന്താ ചങ്ങാതീ പരിപാടി?"

"വിശന്നിട്ടുവയ്യ. എന്തെങ്കിലും കിട്ടുമോയെന്ന് നോക്കട്ടെ." "മോഷണം - അല്ലേ? അത് തെറ്റാണെന്നറിയില്ലേ?" മുളകിന്റെ ഉപദേശം ഉപ്പിന് ഇഷ്ടപ്പെട്ടില്ല. "നീ മിണ്ടാതിരുന്നോ. എന്നെ ഉപദേശിക്കാനൊന്നും വരേണ്ട." ഉപ്പ് അലമാരയിൽനിന്നും താഴേക്ക് ചാടി പതുങ്ങിപ്പതുങ്ങി മേശയ്ക്കരികിലെത്തി. അപ്പോൾ നിലത്തുതന്നെ മേശയ്ക്കരികിൽ ഒരു പാത്രം കണ്ടു. അത് കഞ്ഞിക്കലമായിരുന്നു. അതിലെന്തെങ്കിലുമുണ്ടോ എന്നു നോക്കാം. എന്നിട്ടു മതിയല്ലോ മേശപ്പുറത്ത് കയറുന്നത് എന്ന് ഉപ്പ് കരുതി. ഉപ്പ് കഞ്ഞിക്കലത്തിന്റെ വക്കിൽ കയറിനിന്നു. ഉള്ളിലേക്ക് ശരിക്കും കാണുന്നില്ല. കഞ്ഞിക്കലത്തിലേക്ക് എത്തി നോക്കി.... ബ്ലും..... പെട്ടെന്ന് ഉപ്പ് കഞ്ഞിക്കലത്തിലേക്ക് തലകുത്തി വീണു. കഞ്ഞിക്കലത്തിൽ കുറേ കഞ്ഞി വെള്ളമായിരുന്നു. ഉപ്പ്, വെള്ളത്തിലേക്ക് താണു പോയി. രക്ഷപ്പെടാൻ കൈകാലിട്ടടിക്കുന്തോറും ഉപ്പു ചെറുതായി ചെറുതായി വന്നു. പിന്നെ ഉപ്പ് ഇല്ലാതായി.

കഥ ഇഷ്ടപ്പെട്ടുവോ?

* കഥ പറയുന്ന രീതി, കഥാപാത്രങ്ങൾ
* 'ആഭരണം' എന്ന കഥയുമായി ഇതിനുള്ള ബന്ധമെന്ത്?
* ഈ കഥ നൽകുന്ന സന്ദേശമെന്ത്?

(എ) ഇവയെല്ലാം ഉൾപ്പെടുത്തി കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

(ബി) മാതൃകപോലെ മാറ്റി എഴുതുക.

അച്ഛനമ്മമാർ - അച്ഛനും അമ്മയും

കൈകാലുകൾ - ..........., ............

പ്രവർത്തനം 2

> കൃഷിമാഷിന്റെ നിർദ്ദേശപ്രകാരം കുട്ടികൾ തീവണ്ടി മുറിക്കുള്ളിൽ കയറി കൈക്കോട്ടുകളും മറ്റും പുറത്തെടുത്തു. ആദ്യം കളപറിക്കലാണ്. അവർ ജോലിയാരംഭിച്ചു. കളകളെ സംബന്ധിച്ച എല്ലാ കാര്യങ്ങളും മാഷ് കുട്ടികൾക്ക് പറഞ്ഞുകൊടുത്തു.
>
> - കൃഷി മാഷ്

കുട്ടിക്കാലം തൊട്ടേ കൃഷി ചെയ്യുന്നത് കണ്ടും കൃഷിപ്പണികളിലേർപ്പെട്ടും കാർഷിക മേഖലയെ ജീവിതത്തിന്റെ ഭാഗമാക്കിയ ഒരു തലമുറ നമുക്കുണ്ടായിരുന്നു. എന്നാൽ ഇന്നോ?

(എ) 'കൃഷി അന്നും ഇന്നും' എന്ന വിഷയത്തെ ആസ്പദമാക്കി **ലഘു ഉപന്യാസം** തയ്യാറാക്കുക.

* കൃഷിയോടുള്ള താൽപര്യം
* കൃഷി സ്ഥലങ്ങൾ
* കാർഷികോപകരണങ്ങൾ
* കൃഷി രീതി.

(ബി) മാതൃകപോലെ മാറ്റി എഴുതുക.

കുട്ടിക്കാലം - കുട്ടി , കാലം

നീർച്ചാൽ - ____ ____

പ്രവർത്തനം 3

'മയിൽപ്പീലി സ്പർശം' എന്ന പാഠം ഓർമ്മയിലുണ്ടല്ലോ. ഈ കൃതി എഴുതിയ 'അഷിത' യെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയതെന്തെല്ലാം?
ചില വിവരങ്ങളിതാ.

- മലയാളത്തിലെ പുതിയ തലമുറയിലെ ചെറുകഥാകാരികളിൽ ഒരാൾ
- ഇടശ്ശേരി അവാർഡ്<br>ലളിതാംബിക അന്തർജനം അവാർഡ്.
- വിസ്മയ ചിഹ്നങ്ങൾ, അപൂർണ്ണ വിരാമങ്ങൾ, മഴ മേഘങ്ങൾ എന്നിവ പ്രധാന കൃതികൾ
- വലിയ വലിയ കാര്യങ്ങൾ ചെറിയ ചെറിയ വാക്യങ്ങളിലൂടെ ആവിഷ്ക്കരിക്കുന്ന രചനാരീതി.
- ഏതു തലത്തിലുള്ള വായനക്കാരെയും ആകർഷിക്കുന്ന ഭാഷ.

(എ) ഈ വിവരങ്ങളും പാഠഭാഗവും പ്രയോജനപ്പെടുത്തി അഷിതയുമായി അഭിമുഖം നടത്തുന്നതിനുള്ള ചോദ്യാവലി തയാറാക്കുക (ചുരുങ്ങിയത് 5 എണ്ണം)

(ബി) 'മയിൽപ്പീലി സ്പർശം' എന്ന കൃതി ഏത് സാഹിത്യശാഖയിൽപെടുന്നു എന്ന് താഴെ കൊടുത്തവയിൽ നിന്ന് കണ്ടെത്തി എഴുതുക.

(എ) കവിത

(ബി) കഥ

(സി) നോവൽ

(ഡി) നാടകം

പ്രവർത്തനം 4

ഒരു കാർട്ടൂൺ പരിചയപ്പെടാം.



ഇത് നമ്മോട് പറയുന്നതെന്താണ്?

(എ) കാർട്ടൂൺ വിശകലനം ചെയ്ത് ഒരു കുറിപ്പു തയ്യാറാക്കുക.

(ബി) കാർട്ടൂൺ നൽകുന്ന സന്ദേശം ഒരു വാക്യത്തിൽ എഴുതുക.

പ്രവർത്തനം 5

നർമ്മം രോഗാവസ്ഥയെപ്പോലും ഇല്ലാതാക്കാൻ സഹായിക്കും എന്ന് **'കാൻസർവാർഡിലെ ചിരി'** നമ്മെ ബോധ്യപ്പെടുത്തുന്നു.

ഓർത്തിരിക്കാതെ ഉണ്ടാവുന്ന ചില സംഭവങ്ങൾ സൃഷ്ടിക്കുന്ന നർമ്മം വായനക്കാരെ പൊട്ടിച്ചിരിപ്പിക്കുന്നു, **'കാസിമിന്റെ ചെരുപ്പ്'** എന്ന കഥയിലൂടെ...

(എ) പാഠഭാഗത്തുള്ള സന്ദർഭങ്ങൾ കൂടി ഉൾപ്പെടുത്തി രണ്ട് പ്രസ്താവനകളും വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

(ബി) കൂട്ടത്തിൽപെടാത്തത് എടുത്തെഴുതുക.
നർമ്മം, ഹാസ്യം, ചിരി, ശോകം